## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് – കോവിഡ്-19 വ്യാപനം തടയുന്നതിന് ബ്രേക്ക് ദ ചെയിൻ പ്രചരണത്തിന്റെ ഭാഗമായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ഫണ്ട് അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1. വനിത ശിശു വികസന ഡയറക്ടറുടെ 19.03.2020ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ

2. സ.ഉ.(സാധാ)നം. 1238/2020/പൊ.ഭ.വ. തീയതി. 19.03.2020

### ഉത്തരവ് നം. ICDS/എ4-5231/2020 തിയതി: 20.03.2020

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കോവിഡ്-19 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിലേയ്ക്ക് പരാമർശം (1) പ്രകാരം എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും 5,000/- രൂപ വീതം അനുവദിച്ചിരുന്നു.

2. സാമൂഹ്യനീതി വകുപ്പും വനിത ശിശു വികസന വകുപ്പും ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഗതാഗത വകുപ്പും സംയുക്തമായി മറ്റു ബന്ധപ്പെട്ട ഏജൻസികളുടെ സഹകരണത്തോടുകൂടി താഴെപ്പറയുന്ന പ്രവർത്തികൾ നിർവ്വഹിച്ച് ബ്രേക്ക് ദ ചെയിൻ പദ്ധതി ഏകോപിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവേശന കവാടത്തിനു മുന്നിലായി 'ബ്രേക്ക് ദ ചെയിൻ' കിയോസ്കുകൾ സ്ഥാപിക്കുക.
2. 'ബ്രേക്ക് ദ ചെയിൻ' കിയോസ്കുകൾ താഴെപ്പറയും പ്രകാരമായിരിക്കണം
   - 'ബ്രേക്ക് ദ ചെയിൻ' ന്റെ പ്രചാരണം മുദ്രാവാക്യം ആലേഖനം ചെയ്ത പോസ്റ്റർ/ ബാനർ ഉണ്ടായിരിക്കണം.
   - 60% എങ്കിലും ആൾക്കഹോൾ സാന്നിദ്ധ്യമുള്ള ഹാൻഡ് സാനിറ്റൈസർ

     അല്ലെങ്കിൽ

   - കൈകൾ കഴുകുന്നതിനുള്ള സംവിധാനം (ദ്രവരൂപത്തിലുള്ള ഹാൻഡ് വാഷും വെള്ളവും)

ഓരോ ഓഫീസുകളിലോ കെട്ടിടങ്ങളിലോ പ്രവേശിക്കുന്നതിനു മുമ്പായി എല്ലാ ജീവനക്കാരും സന്ദർശകരും രോഗവ്യാപനത്തിന്റെ ചങ്ങല പൊട്ടിച്ചെറിയുന്നതിന്റെ ഭാഗമായി തങ്ങളുടെ കൈകൾ അണുവിമുക്തമാക്കേണ്ടതാണ്/ കഴുകി സൂക്ഷിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഒരു സന്നദ്ധ പ്രവർത്തകനെ കണ്ടെത്തി കൈകൾ വൃത്തിയാക്കേണ്ടതിന്റെ

ആവശ്യകത സന്ദർശകരെയും ജീവനക്കാരെയും ബോധ്യപ്പെടുത്താൻ നിയോഗിക്കേണ്ടതാണ്. ബ്രേക്ക് ദ ചെയിൻ പദ്ധതി കാര്യക്ഷമമാക്കുന്നതിന് സർവ്വീസ് സംഘടനകളുടെ സഹായവും തേടാവുന്നതാണ്.

- എല്ലാ സ്വകാര്യ ഓഫീസുകളിലും 'ബ്രേക്ക് ദ ചെയിൻ' കിയോസ്കുകൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- സന്നദ്ധ സംഘടനകൾ സാമുദായ സംഘടനകൾ സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ഓട്ടോ /ടാക്സി സ്റ്റാൻഡുകളിലും മാർക്കറ്റിലും മറ്റു പൊതു ഇടങ്ങളിലും 'ബ്രേക്ക് ദ ചെയിൻ' കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. മേൽപ്പറഞ്ഞ പ്രവർത്തികൾ ഇതര വകുപ്പ് ജില്ലാ മേധാവികളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് ഒരു ജില്ലയ്ക്ക് 25,000/- രൂപ ക്രമത്തിൽ 3,50,000/- രൂപ (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക അതാത് ജില്ലാതല പ്രോഗ്രാം ഓഫീസുകളിലെ DDOമാർ പിൻവലിച്ച് അതത് ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതാണ്.

4. ഇതിലേയ്ക്കാവശ്യമായ 3,50,000/- രൂപ (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തിൽ 2235-02-102-47-00-34(OC) എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിനും അനുമതി നൽകുന്നു. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ 30,000/- രൂപയുടെ പ്രവർത്തന റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിതാ ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
   (അലോട്ട്മെന്റ് അടിയന്തിരമായി അനുവദിക്കേണ്ടതാണ്)
2. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്